# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1430** **03.12.2015-ൽ മറുപടിക്ക്**

## ഞാറക്കൽ മഞ്ഞനക്കാട് പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.എസ്. ശർമ്മ | മറുപടി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) ഞാറക്കൽ മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണത്തിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) പ്രസ്തുത പാലത്തിന്റെ ഡീറ്റെയിൽഡ് ഡ്രോയിംഗ് തയ്യാറാക്കിവരുന്നതേയുള്ളൂ. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) പാലം നിർമ്മാണത്തിന് 08.11.2012-ലെ സ.ഉ (സാധാ) നം.1885/2012/പൊ.മ.വ പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) തുടർന്ന് ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;<br>(ഡി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര നാളായെന്നും കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ? | (സി) & (ഡി) പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഡ്രിക്ക്ബോർഡ് സ്വീകരിച്ചുവരുന്നു. പ്രിലിമിനറി ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഫീസിബിലിറ്റി പരിശോധിച്ചശേഷം ഡീറ്റയിൽഡ് ഡ്രോയിംഗ് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ